2024
JUNE
01
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## അവകാശികളില്ലാതെ 78,213 കോടി രൂപയുടെ ബാങ്ക് നിക്ഷേപം

**ന്യൂഡൽഹി :** അവകാശികളില്ലാത്ത ബാങ്ക് നിക്ഷേപത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെയുണ്ടായത് ഏകദേശം 10 മടങ്ങ് വർധന. കഴിഞ്ഞ ഒരു വർഷത്തിനിടെ മാത്രം 26 ശതമാനത്തിന്റെ വർധന. ഇക്കഴിഞ്ഞ മേയ് 31 വരെയുള്ള റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് 78,213 കോടി രൂപയാണ് അവകാശികളില്ലാതെ കിടക്കുന്നത്.

10 വർഷത്തിലേറെയായി അവകാശികളില്ലാത്ത നിക്ഷേപങ്ങളാണ് റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനെസ് (ഡിഇഎ) എന്ന ഫണ്ടിലേക്ക് മാറ്റാറുള്ളത്. എങ്കിലും ഈ പണം അവകാശികൾക്ക് ക്ലെയിം ചെയ്യാൻ അവസരമുണ്ട്.

## നാലാം പാദത്തിൽ ജിഡിപി വളർച്ചാനിരക്ക് 7.8%; ഇന്ത്യ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായി തുടരുമെന്ന് പ്രധാനമന്ത്രി

**ന്യൂഡൽഹി:** നടപ്പുസാമ്പത്തിക വർഷത്തിന്റെ നാലാംപാദത്തിൽ രാജ്യത്തിന്റെ ആഭ്യന്തരോൽപാദനത്തിൽ (ജിഡിപി) 7.8 % വളർച്ച. വാർഷിക വളർച്ചാനിരക്ക് 8.2 % ആയി ഉയർന്നെന്നും ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസ് (എൻഎസ്ഒ) പുറത്തുവിട്ട കണക്കിൽ വ്യക്തമാക്കുന്നു.



2022,23ൽ വാർഷിക വളർച്ചനിരക്ക് 7 % ആയിരുന്നു. കഴിഞ്ഞവർഷം നാലാംപാദത്തിൽ 6.2 % ആയിരുന്നു ജിഡിപി വളർച്ച.

വാർഷിക വളർച്ചാനിരക്ക് 8.2 % ആയത് ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി മുന്നേറുന്നത് തുടരും എന്നതിന്റെ സൂചനയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി എക്സിൽ പ്രതികരിച്ചു.

## 7 ദിവസം വ്യാപക മഴയ്ക്ക് സാധ്യത; 5 ജില്ലകളിൽ യെലോ അലർട്ട്

**തിരുവനന്തപുരം:** കേരളത്തിൽ അടുത്ത 7 ദിവസം വ്യാപക മഴയ്ക്കു സാധ്യത. കേരള തീരത്തിന് അരികെ തെക്കുകിഴക്കൻ അറബിക്കടലിൽ ചക്രവാതച്ചുഴി രൂപപ്പെട്ടു. എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മലങ്കര ഡാമിന്റെ നാല് ഷട്ടറുകൾ രണ്ട് മീറ്റർ വീതം ഉയർത്തും. മൂവാറ്റുപുഴ, തൊടുപുഴ ആറുകളുടെ തീരത്തുള്ളവർക്ക് ജാഗ്രതാ നിർദേശം നൽകി.



രാത്രിയിൽ മഴ ശക്തിപ്പെട്ടതോടെ മീനച്ചിൽ, മണിമല ആറുകളിലെ ജലനിരപ്പ് ഉയർന്നു. മീനച്ചിലാറിന്റെയും മണിമലയാറിന്റെയും കരകളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശിച്ചു. ഇടുക്കിയിൽ ഇന്നലെ രാത്രി കനത്ത മഴ ലഭിച്ചു. വെള്ളിയാമറ്റത്ത് രണ്ട് ക്യാംപുകൾ തുറന്നു.

സംസ്ഥാനത്ത് ഏറ്റവും അധികം വേനൽമഴ ലഭിച്ചതു കോട്ടയത്താണ്. വേനൽമഴയുടെ സമയമായ മാർച്ച് ഒന്നു മുതൽ മേയ് 31 വരെ ശരാശരി 838.7 മില്ലീമീറ്റർ മഴയാണു ജില്ലയിൽ ലഭിച്ചത്. ശരാശരി 449.6 മില്ലീമീറ്റർ മഴയാണ് ഇക്കാലയളവിൽ പ്രതീക്ഷിക്കുന്നത്. 87 ശതമാനം അധികമഴ പെയ്തു. ഇതിൽ ഭൂരിഭാഗവും മേയ് മാസത്തിന്റെ രണ്ടാം പകുതിയിലാണു ലഭിച്ചത്.

ഇടുക്കി ജില്ലയിൽ വിവിധയിടങ്ങളിൽ ഇന്നലെ വൈകിട്ട് തുടങ്ങിയ മഴയിൽ വ്യാപകനാശമുണ്ടായി. വിവിധയിടങ്ങളിൽ ഉരുൾപൊട്ടി. മലവെള്ളപ്പാച്ചിലുമുണ്ടായി. മഴയുടെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിൽ രാത്രിയാത്ര കലക്ടർ നിരോധിച്ചു. തൊടുപുഴ പുളിയന്മല സംസ്ഥാനപാതയിലെ കരിപ്പലങ്ങാട്ട് മണ്ണിടിഞ്ഞുവീണു ഗതാഗതം തടസ്സപ്പെട്ടു.

പാതയിൽ നാടുകാണിക്കടുത്ത് ഇന്നലെ വൈകിട്ട് 6നു മണ്ണിടിഞ്ഞുവീണ് 2 കാറുകൾ മണ്ണിനും മരങ്ങൾക്കുമടിയിൽ കുടുങ്ങി. പാലാ സ്വദേശി ബോണിയും കുടുംബവുമാണ് ഒരു കാറിലുണ്ടായിരുന്നത്. ഒരു കാർ ഭാഗികമായും ഒരു കാർ പൂർണമായും മണ്ണിനടിയിലായി. മണ്ണിടിഞ്ഞുവരുന്നതു കണ്ടതോടെ കാർ നിർത്തി ഇറങ്ങിയോടിയതിനാൽ ദുരന്തം ഒഴിവായി.

## ലോക്സഭാ തിരഞ്ഞെടുപ്പ്: അവസാനഘട്ട വോട്ടെടുപ്പ് ഇന്ന്

**ന്യൂഡൽഹി:** ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ഇന്ന്. പ്രധാനമന്ത്രി നരേന്ദ്രമോദി മത്സരിക്കുന്ന ഉത്തർപ്രദേശിലെ വാരാണസി ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ 57 മണ്ഡലങ്ങളാണ് അവസാനഘട്ടത്തിൽ വിധിയെഴുതുന്നത്. പഞ്ചാബ് (13), ഉത്തർ പ്രദേശ് (13), ബംഗാൾ (9), ബിഹാർ (8), ഒഡിഷ (6), ഹിമാചൽ പ്രദേശ് (4), ജാർഖണ്ഡ് (3), ചണ്ഡീഗഢ് (3) എന്നിങ്ങനെയാണ് തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളുടെ എണ്ണം. ഒഡിഷയിലെ 42 നിയമസഭാ സീറ്റുകളിലേക്കും ഹിമാചലിലെ 6 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പും ഇതോടൊപ്പം നടക്കും. ഇതോടെ 55 ദിവസം നീണ്ട തിരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കും.



പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ, കങ്കണ റണൗട്ട്, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി, കോൺഗ്രസ് നേതാവ് വിക്രമാദിത്യ സിങ്, ആർജെഡി നേതാവ് മിസാ ഭാരതി തുടങ്ങിയ പ്രമുഖരും ജനവിധി തേടുന്നവരിൽ ഉൾപ്പെടുന്നു. 10 കോടിയിലേറെ വോട്ടർമാരാണ് അവസാനഘട്ടത്തിൽ വോട്ടു രേഖപ്പെടുത്തുന്നത്. ഇതിൽ 5.24 കോടി പുരുഷന്മാരും 4.82 കോടി സ്ത്രീകളും 3,574 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടും.

10.9 ലക്ഷം പോളിങ് സ്റ്റേഷനുകളാണ് ഒരുക്കിയിട്ടുള്ളതെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഏഴാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന 57 സീറ്റുകളിൽ 25 എണ്ണവും ബിജെപിയുടെ സിറ്റിങ് സീറ്റുകളാണ്.

8 സീറ്റുകൾ മാത്രമാണ് കോൺഗ്രസിന്റെ പക്കലുള്ളത്. മേയ് 25ന് നടന്ന ആറാംഘട്ട വോട്ടെടുപ്പിൽ 63.37% ആയിരുന്നു വോട്ടിങ് ശതമാനം. അഞ്ചാംഘട്ടത്തിൽ 62.15 %, നാലാംഘട്ടത്തിൽ 69.16 %, മൂന്നാംഘട്ടം 65.68 %, രണ്ടാംഘട്ടം 66.71 %, ഒന്നാംഘട്ടം 66.1% എന്നിങ്ങനെയായിരുന്നു വോട്ടിങ് ശതമാനം. ജൂൺ 4നാണ് വോട്ടെണ്ണൽ.

വൈകിട്ട് 6 മണിക്ക് വോട്ടെടുപ്പ് കഴിയുന്നതോടെ ചാനലുകളിൽ എക്സിറ്റ് പോൾ ഫലങ്ങൾ വന്നുതുടങ്ങും. എക്സിറ്റ് പോൾ ചർച്ചകളിൽ പങ്കെടുക്കില്ലെന്ന് കോൺഗ്രസ് കഴിഞ്ഞദിവസം പ്രഖ്യാപിച്ചിരുന്നു. ഊഹാപോഹങ്ങൾക്ക് താൽപര്യമില്ലെന്നും ഫലം വന്നശേഷം ചർച്ചകളിൽ പങ്കെടുക്കുമെന്നുമാണ് കോൺഗ്രസിന്റെ നിലപാട്.



# മുത്തൂറ്റ് ഫിനാൻസ്: സംയോജിത ലാഭം 22 ശതമാനം വർധിച്ചു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് കൈകാര്യം ചെയ്യുന്ന ആകെ വായ്പാ ആസ്തികൾ മുൻ സാമ്പത്തിക വർഷത്തെ 71,497 കോടി രൂപയെ അപേക്ഷിച്ച് 25 ശതമാനം വളർച്ചയോടെ 89,079 കോടി രൂപയിലെത്തി.

കൈകാര്യം ചെയ്യുന്ന സംയോജിത വായ്പാ ആസ്തികൾ ത്രൈമാസത്തിൽ 8 ശതമാനമാണ് വർധിച്ചത്. നികുതിക്കു ശേഷമുള്ള സംയോജിത ലാഭം മുൻവർഷത്തെ 3670 കോടി രൂപയെ അപേക്ഷിച്ച് വാർഷികാടിസ്ഥാനത്തിൽ 22 ശതമാനം വർധിച്ച് 4468 കോടി രൂപയിലെത്തിയതായി ചെയർമാൻ ജോർജ്ജ് ജേക്കബ്ബ് മുത്തൂറ്റ് പറഞ്ഞു. തങ്ങൾ കൈകാര്യം ചെയ്യുന്ന സംയോജിത വായ്പാ ആസ്തികൾ 89,000 കോടി രൂപ കടക്കുകയും കമ്പനിയുടെ മാത്രം സംയോജിത വായ്പാ ആസ്തികൾ 75,000 കോടി രൂപ കടക്കുകയും ചെയ്തു. കൈകാര്യം ചെയ്യുന്ന വായ്പകൾ ആകെ 25 ശതമാനം വാർഷിക വളർച്ചയാണു കൈവരിച്ചത്.

കമ്പനിയുടെ മാത്രം വായ്പകൾ 20 ശതമാനവും വളർന്നു. സബ്സിഡിയറികളുടെ വായ്പാ ആസ്തികൾ കഴിഞ്ഞ വർഷത്തെ 12 ശതമാനത്തിൽ നിന്ന് 15 ശതമാനമായി ഉയർന്നത് തങ്ങളുടെ തന്ത്രപരമായ വൈവിധ്യവൽക്കരണ നീക്കങ്ങളെ പ്രതിഫലിപ്പിക്കുന്നു. 20204 സാമ്പത്തിക വർഷത്തിൽ നികുതിക്കു ശേഷമുളള സംയോജിത ലാഭം 22 ശതമാനം വളർച്ചയോടെ 4468 കോടി രൂപയിലെത്തി.

സംയോജിത ലാഭത്തിൽ സബ്സിഡിയറികളുടെ സംഭാവന കഴിഞ്ഞ വർഷത്തെ 6 ശതമാനത്തിൽ നിന്നു 10 ശതമാനമായി ഉയർന്നു. ക്രിയാത്മക കാഴ്ചപ്പാടുമായാണ് തങ്ങൾ 2025 സാമ്പത്തിക വർഷത്തിലേക്കു കടക്കുന്നത്. സ്വർണ പണയ ഇതര സബ്സിഡിയറികളുടെ സംഭാവന 1820 ശതമാനത്തിലേക്കു വളർത്തുക എന്ന ലക്ഷ്യം തുടരുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.2024 സാമ്പത്തിക വർഷത്തിൽ വായ്പാ രംഗത്ത് 20 ശതമാനം വളർച്ച കൈവരിക്കാനായതിൽ അതിയായ അഭിമാനമുണ്ടെന്ന് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

# ഡിജിറ്റൽ ബാങ്കിംഗ് : ഫിനാൻസ് ആപ്പുമായി ജിയോ

**കൊച്ചി/മുംബൈ:** ജിയോ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് 'ജിയോ ഫിനാൻസ് ആപ്പ്' അവതരിപ്പിച്ചു. ആപ്പിന്റെ ബീറ്റ വേർഷനാണ് ഇപ്പോൾ ലഭിക്കുക. ദൈനംദിന ധനകാര്യത്തിലും ഡിജിറ്റൽ ബാങ്കിംഗിലും വിപ്ലവം സൃഷ്ടിക്കുന്ന ഒരു അത്യാധുനിക പ്ലാറ്റ്ഫോമായ ഈ ആപ്പ് ഉപയോക്തൃസൗഹൃദ ഇന്റർഫേസിൽ ഡിജിറ്റൽ ബാങ്കിംഗ്, യുപിഐ ഇടപാടുകൾ, ബിൽ സെറ്റിൽമെന്റുകൾ, ഇൻഷുറൻസ്, അക്കൗണ്ടുകളുടെയും സേവിംഗുകളുടെയും ഏകീകൃത ആക്സസ് എന്നിവ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുമെന്ന് കമ്പനി വക്താവ് പറഞ്ഞു.സാമ്പത്തിക സാങ്കേതികവിദ്യയിൽ തുടക്കകാർക്കുവരെ അനായാസമായി സാമ്പത്തിക ഇടപാട് നടത്താൻ സഹായിക്കുന്നതരത്തിൽ 'ജിയോ ഫിനാൻസ്' ആപ്പ് സേവനം നൽകുന്നു. തൽക്ഷണ ഡിജിറ്റൽ അക്കൗണ്ട് തുറക്കൽ, 'ജിയോ പേയ്മെന്റ് ബാങ്ക് അക്കൗണ്ട്' ഫീച്ചർ ഉപയോഗിച്ച് കാര്യക്ഷമമായ ബാങ്ക് മാനേജ്മെന്റ് എന്നിവ ആപ്പിന്റെ പ്രധാന സവിശേഷതകളിൽ ഉൾപ്പെടുന്നു. ഭാവിയിൽ മ്യൂച്വൽ ഫണ്ടുകളിലെ വായ്പകളിൽ തുടങ്ങി ഭാവനവായ്പകൾ വരെ നൽകുന്ന രീതിയിലേക്ക് ആപ്പിന്റെ സേവനം പുരോഗമിക്കും.ഉപയോക്താക്കളുടെ സംതൃപ്തി ഉറപ്പാക്കാൻ എന്തൊക്കെ പരിഷ്കരണങ്ങളാണ് നടത്തേണ്ടതെന്ന് അവരിൽനിന്ന് അഭിപ്രായം തേടാൻ ബീറ്റാ വേർഷനാണ് ആദ്യം ലഭ്യമാക്കുന്നത്.

# പീരിയഡ് ഗാനവുമായി വിസ്പർ

**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും വലിയ ശബ്ദങ്ങളായ ശ്രേയ ഘോഷാലും സുനിധി ചൗഹാനും പ്രോക്ടർ & ഗാംബിളിൽ നിന്നുള്ള ഇന്ത്യയിലെ പ്രമുഖ ഫെമിനിൻകെയർ ബ്രാൻഡായ വിസ്പർ, രാജ്യത്തിന്റെ സ്വന്തം കാലഘട്ട ഗാനം അവതരിപ്പിച്ച് ചരിത്രം സൃഷ്ടിച്ചു. രണ്ട് സംഗീതജ്ഞരും പീരിയഡ് സോങ്ങിന്റെ സ്വന്തം പതിപ്പ് സൃഷ്ടിച്ചു. വിസ്പർ ഇന്നുവരെ 100 ദശലക്ഷത്തിലധികം പെൺകുട്ടികൾക്കും സ്ത്രീകൾക്കും പീരിയഡ് എഡ്യൂക്കേഷൻ നൽകിയിട്ടുണ്ട്, കൂടാതെ അതിന്റെ ജനപ്രിയ കീപ്പ് ഗേൾസ് ഇൻ സ്കൂൾ പ്രസ്ഥാനത്തിന്റെ അഞ്ചാം പതിപ്പിൽ പെൺകുട്ടികൾക്കിടയിൽ ആർത്തവത്തിന്റെ ആദ്യഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

# എൻഎബിഐഎഡിഎച്ച് അംഗീകാരം നേടി മെറ്റനോവ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിലെ ഹെൽത്ത് കെയർ സ്റ്റാർട്ടപ്പായ മെറ്റനോവ ദുബായ് സർക്കാരിൻറെ ആരോഗ്യവകുപ്പിൻറെ എൻഎബിഐഡിഎച് (നാഷണൽ ബാക്ക് ബോൺ ഫോർ ഇൻറഗ്രേറ്റഡ് ദുബായ് ഹെൽത്ത്)അംഗീകാരം നേടി. ഓട്ടിസം, പഠനവൈകല്യങ്ങൾ, ഭാഷാസംസാര പ്രശ്നം, എഡിഎച്ഡി എന്നിവയുടെ ചികിത്സാരീതിലാണ് ഈ സ്റ്റാർട്ടപ്പിൻറെ പ്രവർത്തനം.

ഈ മേഖലയിൽ ഇന്ത്യയിൽ നിന്ന് എൻഎബിഐഡിഎച് അംഗീകാരം നേടുന്ന ആദ്യ സ്റ്റാർട്ടപ്പാണ് മെറ്റനോവ.സ്വന്തം അനുഭവത്തിൽ നിന്നാണ് ഈ മേഖലയിൽ മെറ്റനോവ എന്ന ആശയമുണ്ടായതെന്ന് സിഇഒ വിബിൻ വർഗീസ് പറഞ്ഞു. ചെറിയ ക്ലാസ്സുകളിൽ താൻ പറയുന്നത് അദ്ധ്യാപകർക്കോ, അദ്ധ്യാപകർ പറയുന്നത് തനിക്കോ പൂർണമായും മനസ്സിലായിരുന്നില്ല. ഈ ജീവിതാനുഭവങ്ങളിൽ നിന്നുമാണ് പിൽക്കാലത്തു ഇങ്ങനെ ഒരു ആശയത്തിലേയ്ക്ക് എത്തിച്ചേർന്നത്. ശൈശവാവസ്ഥയിൽ തന്നെ ഈ രോഗം തിരിച്ചറിയാൻ സാധിച്ചാൽ ചികിത്സയും അനുബന്ധ തെറാപ്പികളും വളരെ എളുപ്പമാകും.ഇക്കാര്യങ്ങൾക്കായി രോഗികൾക്കും ക്ലിനിക്കുകൾക്കും ഉപയോഗിക്കാവുന്ന തരത്തിലുള്ള വ്യത്യസ്ത സോഫ്റ്റ് വെയറുകളാണ് തയ്യാറാക്കിയത്. സമഗ്ര സോഫ്റ്റ് വെയറെന്ന നിലയിൽ ക്ലിനിക്കുകൾക്ക് ഇത് വളരെ ഉപയോഗപ്രദമാണ്. കൂടുതൽ രോഗികളെ കുറഞ്ഞ സമയത്തിനുള്ളിൽ പരിശോധിക്കാൻ സാധിക്കുമെന്നതാണ് പ്രധാനമേ?. ഇത്തരം രോഗ ചികിത്സയിൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും ശ്രമികരമായ ജോലിയാണ്.

മണിക്കൂറുകൾ എടുത്തിരുന്ന ഈ പ്രക്രിയ മെറ്റനോവയുടെ സഹായത്തോടെ മിനിറ്റുകൾ കൊണ്ട് ചെയ്തു തീർക്കാനുമെന്നും വിബിൻ ചൂണ്ടിക്കാട്ടി.ഓട്ടോമേറ്റഡ് റിപ്പോർട്ടുകൾ, ഭാവി ചികിത്സയെക്കുറിച്ച് എഐ സഹായത്തോടെയുള്ള ഉപദേശങ്ങൾ തുടങ്ങിയവയെല്ലാം മെറ്റനോവ ചെയ്യുന്നുണ്ട്.

ഇതിനു പുറമെ രോഗികളുടെ വിവരം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

# ബോൺ ബൈ വരുണ ഫിക്ഷൻ നോവലുമായി ഡോ.ജ്യോതി മേനോൻ

**കൊച്ചി:** ശാസ്ത്രജ്ഞയും പ്രൊഫസറുമായ ഡോ. ജ്യോതി മേനോൻറെ പുതിയ ഫിക്ഷൻ നോവൽ പുറത്തിറങ്ങി. ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഗവേഷകയും ക്യാൻസർ മൂൺഷൂട്ട് സ്കോളറുമായ ജ്യോതി മേനോൻറെ 'ബോൺ ബൈ വരുണ' എന്ന നോവലാണ് പുറത്തിറക്കിയത്.



ജെ യു മേനോൻ എന്ന തൂലികാനാമത്തിലാണ് നോവൽ പ്രസിദ്ധീകരിച്ചത്. ജ്യോതിയുടെ രണ്ടാമത് നോവലാണിത്. കുട്ടിയായിരിക്കുമ്പോൾ തന്നെ രാമായണവും മഹാഭാരതവും ഏറെ ആകർഷിച്ചിരുന്നതായും അവയുടെയൊക്കെ ഭാഗമാകാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് ആഗ്രഹിച്ചിരുന്നതായും ജ്യോതി പറയുന്നു. മഹാഭാരതകാലത്ത് നടന്ന കഥയാണ് ബോൺ ബൈ വരുണ.ഡോ. ജ്യോതി മേനോൻ ഉടൻ പ്രസിദ്ധീകരിക്കുന്ന 'പഞ്ചഭൂതം' നോവൽ പരമ്പരയിലെ ആദ്യ ഭാഗമാണ് 'ബോൺ ബൈ വരുണ'. തൃശൂർ സ്വദേശിയായ ഉണ്ണിക്കാട്ട് ഉണ്ണികൃഷ്ണ മേനോന്റെയും കിഴക്കേ കുറുപ്പത്ത് ബേബിയുടെയും മകളാണ് ജ്യോതി മേനോൻ. ഏക സഹോദരൻ സന്ദീപ് യു മേനോൻ അമേരിക്കയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറാണ്.

# തലച്ചോറിൽ അപൂർവ്വ കാൻസർ; 22കാരന് രോഗമുക്തി

**കോഴിക്കോട്:** അപൂർവമായി മാത്രം കാണപ്പെടുന്ന ബ്രെയിൻ ട്യൂമർ ആയ ഇവിംഗ് സർകോമ ബാധിച്ച 22ന് കാരൻ കോഴിക്കോട്ടെ അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധ ചികിത്സയിലൂടെ രോഗമുക്തനായി. തലച്ചോറിന്റെ വലതു ഭാഗത്താണ് ഈ കാൻസർ ബാധ കണ്ടെത്തിയിരുന്നത്. അത്യാധുനിക രോഗനിർണയ സംവിധാനങ്ങളുടെ സഹായത്തോടെ ഈ അപൂർവ കാൻസർ നേരത്തെ കണ്ടെത്തിയതാണ് ചികിത്സയിൽ വഴിത്തിരിവായതെന്ന് ചികിത്സയ്ക്ക് നേതൃത്വം നൽകിയ റേഡിയേഷൻ ഓങ്കോളജിസ്റ്റ് പ്രൊഫ. ഡോ. പി ആർ ശശീന്ദ്രൻ പറഞ്ഞു. കടുത്ത തലവേദന, ഛർദി, തലയ്ക്ക് കനം, കാഴ്ചാ പ്രശ്നങ്ങൾ എന്നീ രോഗലക്ഷണങ്ങളുമായാണ് യുവാവ് ചികിത്സ



തേടിയെത്തിയത്. പരിശോധനയിൽ തലച്ചോറിൽ നിന്നും രണ്ടുകണ്ണുകളിലേക്കുമുള്ള നാഡികളിൽ വീക്കം കണ്ടെത്തി. തുടർന്നു നടത്തിയ വിശദമായ പരിശോധനകളിലാണ് തലച്ചോറിന്റെ വലതുഭാഗത്ത് കേന്ദ്ര നാഡീവ്യൂഹത്തിൽ സങ്കീർണമായ ഇവിംഗ് സർകോമ എന്ന കാൻസർ ബാധിച്ചതായി സ്ഥിരീകരിച്ചത്.

അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരുടെ വിജയകരമായ ചികിത്സയിലൂടെ യുവാവിന്റെ ജീവൻ രക്ഷിക്കാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് ഡോ. ശശീന്ദ്രൻ പറഞ്ഞു. രോഗം വളരെ നേരത്തെ തന്നെ കണ്ടെത്താനായതും തക്കസമയത്തെ ഇടപെടലും സങ്കീർണമായ രോഗാവസ്ഥകളിൽ സ്വീകരിക്കേണ്ട സമഗ്രമായ ചികിത്സാ സമീപനവുമാണ് യുവാവിനെ രോഗമുക്തനാക്കാൻ സഹായകമായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വിദഗ്ധ ചികിത്സയിലൂടെ സുഖംപ്രാപിച്ച യുവാവ് ഇപ്പോൾഇൻസ്റ്റിറ്റ്യൂട്ടിലെ ആരോഗ്യ പരിരക്ഷാ വിഭാഗത്തിന്റെ ചികിത്സാപൂർവ്വ പരിചരണങ്ങളിലാണ്.

# ലോക പുകയില വിരുദ്ധ ദിനാചരണം: ടുബാക്കോ സെസ്സേഷൻ ക്ലിനിക്കുകൾ തുടങ്ങി

**കൊച്ചി:** ലോക പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പുകയില ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാനും ഈ ദുശ്ശീലം ഉപേക്ഷിക്കാനുള്ള മാർഗനിർദേശങ്ങൾ ജനങ്ങളി തലത്തിക്കുന്നതിനു മായി ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ലോക പുകയില വിരുദ്ധ ദിനാചരണം ജില്ലാതല പരിപാടിയും ടൊബാക്കോ സെസ്സേഷൻ സെൻററും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന ഉദ്ഘാടനം ചെയ്തു. ലോക പുകയില വിരുദ്ധ ദിനത്തിന്റെ ഭാഗമായി ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ദന്തരോഗചികിത്സാ വിഭാഗതൊടാനുബന്ധിച്ചു ടുബാക്കോ സെസ്സേഷൻ കൗൺസിലിങ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്

എല്ലാവർഷവും മെയ് 31ന് ലോക പുകയില വിരുദ്ധ ദിനമായി ആചരിക്കുന്നു. പുകയില കമ്പനികളുടെ ഇടപെടലുകളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നതാണ് ഈ വർഷത്തെ സന്ദേശം.

ലോകത്ത് പുകയില ഉപയോഗവും പുകവലിയും മൂലം ഉണ്ടാകുന്ന ജീവിതശൈലി രോഗങ്ങളും കാൻസർ പോലുള്ള മാരകരോഗങ്ങളും വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ പുകവലിക്കെതിരെയുള്ള ബോധവൽക്കരണം കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ആശുപത്രികൾ ശ്വാസ് ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളിലൂടെ ചികിത്സയും ബോധവൽക്കരണവും നൽകിവരുന്നുണ്ട്.

അഡീഷണൽ ഡിഎംഒ ഡോ. കെ. ആർ. രാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി ഡിഎംഒ ഡോ. കെ. സവിത വിഷയാവതരണം നടത്തി. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ

ഡോ. ആരതി കൃഷ്ണൻ, ജില്ലാ എജുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ സി. എം. ശ്രീജ എന്നിവർ സംസാരിച്ചു.തമ്മനം നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടന്ന പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ സെമിനാറും പോസ്റ്റർ രചനയും ക്വിസ് മത്സരവും നടത്തി.

# മഹാരാജാസ് കോളേജിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ ബിരുദ പ്രോഗ്രാമുകളിലേക്ക് ജൂൺ 7 വരെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് ജൂൺ 16 വരെയും അപേക്ഷിക്കാം.

സർക്കാരിനു കീഴിലെ ഏക ഓട്ടോണമസ് കോളേജ് ആയ മഹാരാജാസിലെ വിവിധ നാലുവർഷം ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശത്തിനുള്ള അപേക്ഷകൾ ജൂൺ 7 വരെ സമർപ്പിക്കാം. ബിരുദാനന്തരബിരുദ പ്രോഗ്രാമിനു ജൂൺ മൂന്ന് മുതൽ ജൂൺ 15 വരെ അപേക്ഷിക്കാം.

ഓൺലൈൻ ആയിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം https://maharajasonline.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങളും വിശദമായ പ്രോസ്പെക്ടസും കോളേജ് വെബ്സൈറ്റായ https://maharajas.ac.in ലഭ്യമാണ്

# മഹാരാജാസ് കോളേജിൽ അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ആർക്കിയോളജി ആന്റ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ് വിഭാഗത്തിൽ ഈ അധ്യയന വർഷം അതിഥി അധ്യാപക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

യോഗ്യത: ആർക്കിയോളജി ആന്റ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദം. പി എച്ച് ഡി , നെറ്റ് മുൻഗണന.

പ്രവർത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ള എറണാകുളം വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാം.

ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ( ഒരു സെറ്റ് കോപ്പികൾ സഹിതം) ജൂൺ ആറിന് രാവിലെ 11 ന് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.maharajas.ac.in എന്ന വെബ്സെറ്റ് സന്ദർശിക്കുക. ഫോൺ 0484 2352838

# മീഡിയ അക്കാദമി പി.ജി.ഡിപ്ലോമ: ജൂൺ 15 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന പിജി ഡിപ്ലോമ കോഴ്സ് പ്രവേശനത്തിന് ജൂൺ 15 വരെ അപേക്ഷിക്കാം.

ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് എന്നീ പോസ്റ്റ് ഗ്രാജേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും, പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.

31.5.2024 ൽ 28 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും. ഈ വിഭാഗക്കാർക്ക് ഫീസിളവും ഉണ്ടാകും. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷ ഓൺലൈനായാണ് നടത്തുന്നത്.

പ്രിന്റ് ജേണലിസം, റേഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ, ബ്രോഡ്കാസ്റ്റ് ജേണലിസം, മൊബൈൽ ജേണലിസം തുടങ്ങിയ മാധ്യമപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന സമഗ്രമായ പാഠ്യപദ്ധതിയാണ് ജേണലിസം & കമ്യൂണിക്കേഷൻ കോഴ്സ്.

ടെലിവിഷൻ ജേണലിസം, ന്യൂസ് ആങ്കറിംഗ്, വീഡിയോ കാമറ, വീഡിയോ എഡിറ്റിങ്ങ്, ഡോകുമെന്ററി പ്രൊഡക്ഷൻ, മീഡിയ കൺവെർജൻസ്, മൊബൈൽ ജേണലിസം, തുടങ്ങി ദൃശ്യമാധ്യമ മേഖലയിൽ സമഗ്രമായ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സാണ് ടെലിവിഷൻ ജേണലിസം.

പബ്ലിക് റിലേഷൻസ്, അഡ്വർടൈസിങ്ങ് മേഖലയിലെ നൂതനപ്രവണതകളിൽ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്നതാണ് പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് കോഴ്സ്. ഒപ്പം, ജേണലിസം, ക്രീയേറ്റീവ് റൈറ്റിങ്, പോഡ്കാസ്റ്റിംഗ്, ഡിജിറ്റൽ മാർക്കറ്റിങ്, ആഡ് ഫിലിം മേക്കിങ് എന്നിവയിലും സവിശേഷപരിശീലനം നൽകുന്നു.

ഇന്റേൺഷിപ്പും, പ്രാക്ടിക്കലും ഉൾപ്പെടെ കോഴ്സിന്റെ ദൈർഘ്യം ഒരുവർഷമാണ്.

കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾ മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ ഓൺലൈനായി വെബ്സൈറ്റിലൂടെ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ / ജിപേ/ ബാങ്ക് മുഖേന അടച്ച രേഖ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം.

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ജൂൺ 15. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 04842422275

9539084444 (ഡയറക്ടർ), 8086138827 (ടെലിവിഷൻ ജേണലിസം കോഓർഡിനേറ്റർ), 7907703499 (പബ്ലിക് റിലേഷൻസ് കോഓർഡിനേറ്റർ), 9388533920 (ജേണലിസം & കമ്യൂണിക്കേഷൻ കോഓർഡിനേറ്റർ)

# കുസാറ്റ് ഫാക്കൽറ്റി ഡോ. കെ കെ സജു കണ്ണൂർ സർവകലാശാലയുടെ പുതിയ വൈസ് ചാൻസലർ



**കൊച്ചി:** കണ്ണൂർ സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം മേധാവി ഡോ.കെ.കെ സാജുവിനെ നിയമിച്ചു.

ഗവർണറുടെ ഓഫീസായ കേരള രാജ്ഭവൻ പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച്, ഡോ. സജു 2024 ജൂൺ 1 മുതൽ കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലറുടെ ചുമതലകൾ നിർവഹിക്കും. നിലവിലുള്ള ഉത്തരവാദിത്വങ്ങൾക്കു പുറമേ ആയിരിക്കും ഈ അധിക ചുമതല.

31 വർഷത്തിലേറെയായി അധ്യാപന, ഗവേഷണ, ഭരണകാര്യരംഗത്ത്ഡോ മികവുറ്റ സേവനം കാഴ്ച വച്ചിട്ടുള്ള ഡോ. സജു അക്കാദമിക, വ്യാവസായിക മേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കുസാറ്റിലെ ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ, അക്കാദമിക് അഡ്മിഷൻ ഡയറക്ടർ, ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ കോർഡിനേറ്റർ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ കൺവീനർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ സജു തൃശ്ശൂരിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിടെക്കും എൻഐടി കോഴിക്കോട് നിന്ന് മെറ്റീരിയൽസ് സയൻസ് ആൻഡ് ടെക്നോളജിയിൽ ബിരുദാനന്തര ബിരുദവും കുസാറ്റിൽ നിന്ന്പിഎച്ച്ഡിയും നേടിയിട്ടുണ്ട്.

2012 മുതൽ കുസാറ്റിൽ മെക്കാനിക്കൽ എഞ്ചിനീയറിംങിന്റെ മേധാവിയായും 2015ൽ ഇന്റർനാഷണൽ റിലേഷൻസ് ആൻഡ്അക്കാദമിക് അഡ്മിഷൻസ് ഡയറക്ടറായും അദ്ദേഹം കുസാറ്റിൽ സേവനമനുഷ്ഠിച്ചു. കുസാറ്റ്സിൻഡിക്കേറ്റിലേക്ക് യുജിസി നോമിനിയായി 2017 മുതൽ 2021 വരെ സേവനമനുഷ്ഠിച്ച അദ്ദേഹം നിലവിൽ ആർഎംഡി അണ്ണാ യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് കൗൺസിലിലേക്കുള്ള യുജിസി നോമിനിയാണ്.

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ പിയർ ടീം സന്ദർശനങ്ങളുടെ നിരീക്ഷകനായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഡിഎസ്ടി), ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ), ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് റൂസയുടെ പർച്ചേസ് കമ്മിറ്റി കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് എന്നിവയുടെ പ്രോജക്ട് മൂല്യനിർണ്ണയത്തിൽ സാങ്കേതിക വിദഗ്ധനായും അഡീഷണൽ സ്കിൽ അക്വിഷൻ പ്രോഗ്രാമിന്റെ കോർ കമ്മിറ്റി അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



# വൈറൽ ഹെപ്പറ്റൈറ്റിസിന്റെ എണ്ണം നിരന്തരം വർദ്ധിക്കുന്നതായി റിപ്പോർട്ട്

**കൊച്ചി:** ലോകാരോഗ്യ സംഘടനയുടെ (ഡബ്ല്യുഎച്ച്ഒ) 2024 ലെ ഗ്ലോബൽ ഹെപ്പറ്റൈറ്റിസ് റിപ്പോർട്ട് അനുസരിച്ച്, മനുഷ്യ ജീവിതങ്ങളിലെ വൈറൽ ഹെപ്പറ്റൈറ്റിസിന്റെ എണ്ണം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് എറണാകുളം ലിസി ഹോസ്പിറ്റലിലെ കൺസൾട്ടന്റ് പീഡിയാട്രീഷ്യനും ഇന്റൻസിവിസ്റ്റുമായ ഡോ. വിവിൻ എബ്രഹാം പറഞ്ഞു.


ഡോ.വിബിൻ എബ്രാഹം

മരണകാരണമാവുന്ന പകർച്ചവ്യാധികളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ പകർച്ചവ്യാധിയാണ് ഇത്. അമേരിക്കയിൽ ഏകദേശം 50 ശതമാനവും ആഗോള തലത്തിൽ ഏകദേശം 1.3 ദശലക്ഷം മരണങ്ങളുമാണ് ഓരോ വർഷവും നടക്കുന്നത്. വൈറൽ ഹെപ്പറ്റൈറ്റിസിന്റെ ഏറ്റവും ഉയർന്ന തോതുള്ള രാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ ആഗോള തലത്തിലുള്ളതിന്റെ ഏകദേശം 35% രോഗികളാണു പ്രതിവർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നത്.പ്രധാനമായും മലിനമായ ഭക്ഷണത്തിലൂടെയോ വെള്ളത്തിലൂടെയോ രോഗബാധിതനായ വ്യക്തിയുമായുള്ള അടുത്ത സമ്പർക്കത്തിലൂടെയോ പകരുന്ന ഒരു പകർച്ചവ്യാധി വൈറസ് മൂലമുണ്ടാകുന്ന അണുബാധയാണ് ഹെപ്പറ്റൈറ്റിസ് എ. കേസുകളുടെ സമീപകാല കുതിച്ചുചാട്ടം, ഈ രോഗം പടരുന്നത് തടയാൻ സജീവമായ നടപടികളുടെ നിർണായക ആവശ്യകതയെ അടിവരയിടുന്നു. ഹെപ്പറ്റൈറ്റിസ് എ വാക്സിനേഷൻ ഒരു അടിസ്ഥാന പ്രതിരോധ തന്ത്രമായി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ശ്രമങ്ങളുടെ കേന്ദ്രം.

സുരക്ഷിതവും ഫലപ്രദവുമായ വാക്സിനുകളുടെ ലഭ്യത, ഹെപ്പറ്റൈറ്റിസ് എ അണുബാധയിൽ നിന്ന് സംരക്ഷിക്കുന്നതിനും പൊതുജനാരോഗ്യത്തിൽ അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള ശക്തമായ ഒരു ഉപാധിയാണ്. വാക്സിനേഷൻ സേവനങ്ങളിലേക്കുള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിലൂടെയും വാക്സിൻ അവബോധം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, ഈ പകർച്ചവ്യാധിക്കെതിരെയുള്ള പ്രതിരോധം ശക്തിപ്പെടുത്താൻ സമൂഹങ്ങൾക്ക് കഴിയുമെന്നും ഡോ. വിവിൻ എബ്രഹാം പറഞ്ഞു. 'സിംഗിൾഷോട്ട് ഹെപ്പറ്റൈറ്റിസ് എ വാക്സിൻ വ്യക്തികൾക്കും ആരോഗ്യ സംരക്ഷണ ദാതാക്കൾക്കും ലളിതവും ഫലപ്രദവുമായ പരിഹാരം വാഗ്ദാനം ചെയ്തുകൊണ്ട് ഹെപ്പറ്റൈറ്റിസ് എ പ്രതിരോധത്തെ മാറ്റിമറിച്ചു. ഇത് ഒരു ഡോസ് ദീർഘകാല പ്രതിരോധശേഷി നൽകുന്നു. എല്ലാ പ്രായത്തിലുമുള്ള വ്യക്തികൾക്ക് ഇത് പ്രായോഗികവും ആക്സസ് ചെയ്യാവുന്നതുമായ ഒരു ഓപ്ഷനായി മാറുന്നു. കുട്ടിക്കാലത്തെ പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയുടെ ഫലമായി ലോകമെമ്പാടുമുള്ള രോഗലക്ഷണ എച്ച്എവി കേസുകളുടെ വ്യാപനം ഗണ്യമായി കുറഞ്ഞുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വാക്സിനേഷനു പുറമേ, വ്യത്തിഹീനമായ ഭക്ഷണം കൈകാര്യം ചെയ്യുന്ന രീതികൾ, സുരക്ഷിതമായ വെള്ളം, ശുചീകരണ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തമായ പ്രവേശനം പോലുള്ള ഹെപ്പറ്റൈറ്റിസ് എ സംക്രമണവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട അപകട ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള ടാർഗെറ്റുചെയ്ത ഇടപെടലുകളും നിർണായകമാണ്. കർശനമായ നിയന്ത്രണങ്ങൾ നടപ്പിലാക്കുകയും പതിവായി പരിശോധനകൾ നടത്തുകയും ചെയ്യുന്നത് ഹെപ്പറ്റൈറ്റിസ് എ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും പ്രവർത്തിക്കും.

ഹെപ്പറ്റൈറ്റിസ് എയ്ക്കെതിരായ പോരാട്ടത്തിൽ കമ്മ്യൂണിറ്റികൾ ഒന്നിക്കുമ്പോൾ, പ്രതിരോധത്തിന്റെ പ്രധാന സ്തംഭങ്ങളായി സഹകരണം, വിദ്യാഭ്യാസം, വാക്സിനേഷൻ എന്നിവ ഉയർന്നുവരുന്നു. അറിവും വാക്സിനുകളിലേക്കുള്ള പ്രവേശനവും സഹായകമായ വിഭവങ്ങളും ഉപയോഗിച്ച് വ്യക്തികളെ ശാക്തീകരിക്കുന്നതിലൂടെ, കമ്മ്യൂണിറ്റികൾക്ക് ഹെപ്പറ്റൈറ്റിസ് എയെ ഫലപ്രദമായി നേരിടാനും എല്ലാവർക്കും ആരോഗ്യകരവും സുരക്ഷിതവുമായ ഭാവി സൃഷ്ടിക്കാനും കഴിയുമെന്നും ഡോ. വിവിൻ എബ്രഹാം പറഞ്ഞു.

# പാലിന്റെ സംഭരണവില രണ്ടു രൂപ കൂട്ടി മിൽമ

**കോഴിക്കോട്:** ജൂൺ ഒന്ന് മുതൽ മൂന്ന് മാസത്തേക്ക് മിൽമയുടെ മലബാർ റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (എംആർസിഎംപിയു) ക്ഷീര കർഷകരിൽ നിന്ന് സംഭരിക്കുന്ന പാലിന് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ അധിക പാൽ വില പ്രഖ്യാപിച്ചു.പ്രാഥമിക ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരണ വർദ്ധനവിന് അവസരമൊരുക്കുന്നതിനും ക്ഷീര കർഷകരുടെ വർധിച്ചു വരുന്ന പാലുത്പാദന ചെലവും കണക്കിലെടുത്താണ് അധിക പാൽ വിലയും കാലിത്തീറ്റ സബ്സിഡി പ്രഖ്യാപിച്ചത്.മലബാർ യൂണിയൻറെ ഭാഗമായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ ഒരു ലക്ഷത്തിൽ പരം ക്ഷീര കർഷകർക്ക് ഇതിൻറെ പ്രയോജനം ലഭിക്കും. മലബാർ മേഖലയിലെ 1200 ഓളം വരുന്ന പ്രാഥമിക ആനന്ദ് മാതൃക ക്ഷീര സംഘങ്ങളുടെ ഭാഗമാണ് ഈ ക്ഷീര കർഷകർ. ഇന്നലെ കൂടിയ എംആർസിഎംപിയു ഭരണ സമിതി യോഗത്തിലാണ് ആനുകൂല്യം നല്കാൻ തീരുമാനിച്ചത്.നിലവിൽ ശരാശരി 45.95 രൂപയാണ് ഒരു ലിറ്റർ പാലിന്. ഇന്നു മുതൽ ഇത് 47.95 രൂപയായി വർധിക്കും. പ്രാഥമിക ക്ഷീര സംഘത്തിൻറെ ഓരോ പത്ത് ദിവസത്തേയും പാൽ വിലയോടൊപ്പം ഈ തുക ചേർത്ത് നല്കും. ആഗസ്റ്റ് 31 വരെ അധിക പാൽ വിലയായി 12 കോടിയോളം രൂപ ക്ഷീര കർഷകർക്ക് ലഭിക്കും.ഏകദേശം 5 കോടി രൂപ കാലിത്തീറ്റ സബ്സിഡി ഇനത്തിലും കർഷകരിലേക്ക് എത്തും.

1420 രൂപ വിലയുള്ള മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്ക് ഒന്നിന് 250 രൂപ വീതം സബ്സിഡി നല്കും. മിൽമ മലബാർ റീജിയണൽ യൂണിയൻറെ കീഴിലുള്ള ട്രസ്റ്റിൻറെ ടി എം ആർ കാലിത്തീറ്റ 50 കിലോ ചാക്ക് ഒന്നിന് 50 രൂപ വീതമാണ് സബ്സിഡി നൽകുക.ആദ്യമായാണ് മഴക്കാലത്ത് മലബാർ മിൽമ അധിക പാൽ വിലയും അഞ്ചു വർഷം മുൻപുള്ള വിലയിൽ കാലിത്തീറ്റയും നൽകുന്നത്. അധിക പാൽ വിലയായി 12 കോടിയോളം രൂപയും കാലിത്തീറ്റ സബ്സിഡിയായുള്ള അഞ്ചു കോടി രൂപയും ചേർത്ത് 17 കോടി രൂപ മൂന്ന് മാസക്കാലയളവിൽ ക്ഷീരസംഘങ്ങൾക്ക് കൈമാറുമെന്ന് മിൽമ ചെയർമാൻ കെ എസ് മണിയും മാനേജിംഗ് ഡയറക്ടർ ജെയിംസ് കെ സിയും അറിയിച്ചു.

# ക്ലെയിം ഫോർ ഷുവർ: ഒരു ദിവസംകൊണ്ട് 4,000 ക്ലെയിമുകൾ തീർപ്പാക്കി

**കോഴിക്കോട്:** എല്ലാ രേഖകളും ലഭിച്ച ശേഷം, അർഹമായ എല്ലാ ഡെത്ത് ക്ലെയിമുകളും ഒരു ദിവസത്തിനുള്ളിൽ തീർപ്പാക്കണമെന്ന ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിന്റെ ക്ലെയിം ഫോർ ഷുവർ സംരംഭത്തിന്റെ ഭാഗമായി 2024 സാമ്പത്തിക വർഷത്തിൽ ഒരു ദിവസം കൊണ്ട് 4,000 ക്ലെയിമുകൾ തീർപ്പാക്കിയതായി കമ്പനി അറിയിച്ചു.

ഒരു ഡെത്ത് ക്ലെയിം തീർപ്പാക്കാൻ എടുത്ത ശരാശരി സമയം, എല്ലാ രേഖകളും ലഭിച്ചതിന് ശേഷം അന്വേഷണം നടത്താത്ത റീട്ടെയിൽ ക്ലെയിമുകൾക്ക് വെറും 1.27 ദിവസമാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കമ്പനി മൊത്തം 12,112 കോടി രൂപയുടെ ഡെത്ത് ക്ലെയിം നൽകി ദശലക്ഷക്കണക്കിന് കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കിയെന്ന് ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമിഷ് ബാങ്കർ പറഞ്ഞു.

2024 സാമ്പത്തിക വർഷത്തിൽ വ്യവസായത്തിലെ മികച്ച ക്ലെയിം സെറ്റിൽമെന്റ് അനുപാതമായ 99.17 ശതമാനമാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് നേടിയത്. വ്യവസായത്തിലെ ഏറ്റവും മികച്ച ക്ലെയിം സെറ്റിൽമെന്റ് അനുപാതമാണിത്. 2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ, ഡെത്ത് ക്ലെയിമുകൾക്കായി കമ്പനി മൊത്തം 1,867 കോടി രൂപയാണ് നൽകിയത്. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94% ആയിരുന്നു കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം. രണ്ടാം പാദത്തിൽ ഇത് 98.14% ആയും, മൂന്നാം പാദത്തിൽ ഇത് 98.52% ആയും ഉയർന്നു. ക്ലെയിമുകൾ പരിഹരിക്കുന്നതിലെ സ്ഥിരതയാണ് ഇത് എടുത്തുകാട്ടുന്നത്. ക്ലെയിമുകൾക്കും, നോമിനി ക്ലെയിമുകൾക്കും തടസമില്ലാതെ തന്നെ വാട്സ്ആപ്പ് പോലുള്ള ഡിജിറ്റൽ ടച്ച് പോയിന്റുകളും കമ്പനിയുടെ മൊബൈൽ ആപ്പും ഉപയോഗിച്ച് ക്ലെയിമുകൾ രേഖപ്പെടുത്താനും ട്രാക്ക് ചെയ്യാനും കഴിയും. ക്ലെയിം സംബന്ധമായ രേഖകളുടെ ഹോം പിക്ക്അപ്പ് സേവനവും കമ്പനി നൽകുന്നുവെന്നും അമിഷ് ബാങ്കർ പറഞ്ഞു

# സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ച് ജിയോജിത്

**കൊച്ചി:** വിവിധ വിഷയങ്ങളിൽ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ പഠിക്കാൻ താൽപര്യപ്പെടുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികളിൽ നിന്ന് വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ച് പ്രമുഖ നിക്ഷേപ സേവന സ്ഥാപനമായ ജിയോജിത്. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് മുതലായവയ്ക്കായി പ്രതിവർഷം 25,000 രൂപ വരെ സ്കോളർഷിപ് നൽകും.

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ നിന്ന് 80 ശതമാനത്തിന് മുകളിൽ മാർക്കോടെപാസ്സായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.

ജിയോജിത്തിന്റെ സിഎസ്ആർ വിഭാഗമായ ജിയോജിത് ഫൗണ്ടേഷൻ വഴിയാണ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത്.

അപേക്ഷിക്കാനുള്ള അവസാന തീയതി 31 ഓഗസ്റ്റ് 2024. കൂടുതൽ വിവരങ്ങൾക്ക് 99954 83998 എന്ന നമ്പറിൽ ബന്ധപ്പെടുക. ഇമെയിൽ: deepak_john@geojit.com



# ഒരു കെട്ടു കഥയിലൂടെ തുടക്കമായി

ദേശാടനപക്ഷികൾ സിനിമ പ്രൊഡക്ഷൻ കമ്പനിയുടെ ബാനറിൽ ഇടത്തൊടി ഭാസ്കരൻ,സവിത മനോജ് എന്നിവർചേർന്ന് നിർമ്മിച്ച് നവാഗതനായ റോഷൻ കോന്നി തിരക്കഥയെഴുതി സംവിധാനംചെയ്യുന്ന ഒരുകെട്ടുകഥയിലൂടെപത്തനംതിട്ട കോന്നിയിൽ ആരംഭിച്ചു. ചിത്രത്തിന്റെ പൂജ കോന്നി മഠത്തിൽ കാവ് ദേവീ ക്ഷേത്രത്തിൽ നടന്നു. കോന്നി എംഎൽഎ അഡ്വ :കെ യു ജെനീഷ്കുമാർ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു.നീനകുറുപ്പ്,ചെമ്പിൽ അശോകൻ,അരിസ്റ്റോസുരേഷ്, മനോജ് പയ്യോളി,വൈഗ റോസ്, ജീവനമ്പ്യാർ, ഡോ: രജിത്കുമാർ, ജി കെ പണിക്കർ, ശ്രീകാന്ത് ചിക്കു, എസ്.ആർ. ഖാൻകോഴിക്കോട്, ബാല മയൂരി, ഷമീർ,അൻസു കോന്നിഎന്നിവർക്കൊപ്പം പുതുമുഖങ്ങളായ സച്ചിൻ പാലപ്പറമ്പിൽ,മിന്നുമെറിൻ,അൻവർ,അമൃത്,ആൻമേരി,അതുല്യ തുടങ്ങിയവരും അഭിനയിക്കുന്നു.കഥയും കോ ഡയറക്ഷനും ജിറ്റ റോഷൻ നിർവ്വഹിക്കുന്നു. ഛായാഗ്രഹണം ഷാജി ജേക്കബ്,എഡിറ്റിംഗ് റോഷൻ കോന്നി,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ശ്യാം അരവിന്ദം, കലാസംവിധാനം ഷാജി മുകുന്ദ്, വിനോജ് പല്ലിശ്ശേരി,ഗാനരചന മനോജ് പാലക്കാട്, മുരളി മൂത്തേടം. സംഗീതം സജിത്ത് ശങ്കർ, പ്രൊഡക്ഷൻ കൺട്രോളർ സജിത്ത് സത്യൻ, ചമയം സിന്റ മേരി വിൻസന്റ്,നൃത്ത സംവിധാനം അതുൽ രാധാകൃഷ്ണൻ, കോസ്റ്റ്യൂംസ് അനിശ്രീ, ആലാപനം ബെൽരാം, നിമ്മി ചക്കിങ്കൽ. പി.ആർ.ഒ പി.ആർ.സുമേരൻ, സ്റ്റിൽസ് എഡ്ഡി ജോൺ.അസ്സോസിയേറ്റ് കലേഷ്കുമാർ, നന്ദഗോപൻ, നവനീത്.ആർട്ട് അസിസ്റ്റന്റ് ഗോപു,ഫോക്കസ് പുള്ളർ കിഷോർ ലാൽ, അസോസിയേറ്റ് ക്യാമറാമാൻ ശ്രീജേഷ്,പോസ്റ്റർ ഡിസൈൻ സുനിൽ എസ് പുരം, ലൊക്കേഷൻ മാനേജർസ് ആദിത്യൻ ,ഫാറൂഖ്.

# തിയറ്റർ

അന്താരാഷ്ട്ര ദേശീയ പുരസ്ക്കാരങ്ങൾ നേടിയ ബിരിയാണി എന്ന ചിത്രത്തിനു ശേഷം റിമ കല്ലിങ്കലിനെ നായികയാക്കി സജിൻ ബാബു സംവിധാനം ചെയ്യുന്നതിയറ്റർ എ മിത്ത് ഓഫ് റിയാലിറ്റി' എന്ന സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.അൻജനവാർസ് നിർമ്മിക്കുന്ന സിനിമയുടെ ചിത്രീകരണം വർക്കലയിലും പരിസരങ്ങളിലുമായി പൂർത്തിയായി.

ഇന്നത്തെ ലോകത്ത് മനുഷ്യർ സ്വന്തം വിശ്വാസങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചു യാഥാർത്ഥ്യങ്ങളെ സ്വയം വ്യാഖ്യാനിക്കുന്നതാണ് കഥയുടെ പ്രമേയമെന്ന് സംവിധായകൻ സജിൻ ബാബു പറഞ്ഞു.'വൈറൽ യുഗത്തിന്റെ കഥയാണിത്. തിയറ്ററുകളിലൂടെ 'തിയറ്റർ' സിനിമ ജനങ്ങളിൽ എത്തണം എന്നതാണ് ആഗ്രഹം. നല്ല മലയാളം സിനിമകൾ ലോകോത്തര ഫെസ്റ്റിവെൽ വേദികളിൽ മാത്രമേ കാണാനാകൂ എന്ന സ്ഥിതി മാറണമെന്ന് നിർമ്മാതാവ് അൻജന ഫിലിപ്പ് പറഞ്ഞു. അത്രയധികം തൊട്ടടുത്ത് നടക്കുന്ന സംഭവങ്ങളെയാണ് കണ്ടെത്തി തിയറ്റർ സിനിമയിൽ അവതരിപ്പിക്കുന്നത്. നടന്ന സംഭവങ്ങളുമായി ഒട്ടേറെ സാമ്യം തോന്നുന്നതാണ് പ്രമേയമെന്ന് നിർമ്മാതാവ് വി.എ ശ്രീകുമാർ പറഞ്ഞു.




സജിൻ ബാബുവിന്റെ ബിരിയാണി സിനിമ ലോക ശ്രദ്ധ ഏറെ നേടിയിരുന്നു. ലോകത്തെമ്പാടുമായി 150 ലധികം ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ച സിനിമ സംവിധാനത്തിന് ദേശീയ പുരസ്കാരം ഉൾപ്പെടെ 45 ലേറെ പുരസ്ക്കാരങ്ങൾ നേടി. ബിരിയാണിക്കു ശേഷം സജിൻ ബാബു രചിച്ച് സംവിധാനം ചെയ്യുന്ന 'തിയറ്റർ' തിയറ്റർ റിലീസിലൂടെയാണ് പ്രേക്ഷകരിൽ എത്തുന്നത്. സരസ ബാലുശ്ശേരി, ഡൈൻ ഡേവിഡ്, പ്രമോദ് വെളിയനാട്, കൃഷ്ണൻ ബാലകൃഷ്ണൻ, മേഘ രാജൻ, ആൻ സലിം, ബാലാജി ശർമ, ഡി. രഘൂത്തമൻ, അഖിൽ കവലയൂർ, അപർണ സെൻ, ലക്ഷ്മി പത്മ, മീന രാജൻ, ആർജെ അഞ്ജലി, മീനാക്ഷി രവീന്ദ്രൻ, അശ്വതി, അരുൺ സോൾ, രതീഷ് രോഹിണി തുടങ്ങിവരാണ് മറ്റ് അഭിനേതാക്കൾ. ശ്യാമപ്രകാശ് എം എസ് ഛായാഗ്രഹണം നിർവഹിക്കുന്നു.

എഡിറ്റിങ് അപ്പു എൻ ഭട്ടതിരി,സിങ്ക് സൗണ്ട് ഹരികുമാർ മാധവൻ നായർ,മ്യൂസിക് സയീദ് അബ്ബാസ്,ആർട്ട് സജി ജോസഫ്, കോസ്റ്റ്യൂം ഗായത്രി കിഷോർ, വിഎഫ്എക്സ് പ്രശാന്ത് കെ നായർ, പ്രോസ്തെറ്റിക് & മേക്കപ്പ്സേതു ശിവാനന്ദൻആശ് അഷ്റഫ്,ലൈൻ പ്രൊഡ്യൂസർസുഭാഷ് ഉണ്ണി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജിത്ത് സാഗർ, ഡിസൈൻ പുഷ് 360,സ്റ്റിൽസ് ജിതേഷ് കടയ്ക്കൽ, പി ആർ ഒഎ എസ് ദിനേശ്.




# പൊമ്പളൈ ഒരുമൈ സൈന പ്ലേയിൽ

ജിതീഷ് പരമേശ്വരൻ, ശ്രീഷ്മ ചന്ദ്രൻ, റ്റിങ്കിൾ ജോബി, സാജിദ് യാഹിയ, ശിവൻ മേഘ, ശിൽപ അനിൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി വിപിൻ ആറ്റ്ലി സംവിധാനം ചെയ്യുന്ന 'പൊമ്പളൈ ഒരുമൈ" സൈന പ്ലേ യിൽ പ്രേക്ഷകരുടെ മുന്നിലെത്തുന്നു.മാക്രോം പിക്ച്ചേഴ്സ് നിർമ്മിക്കുന്ന 'പൊമ്പളൈ ഒരുമൈ'യുടെ കഥ, തിരക്കഥ, സംഭാഷണം വിപിൻ ആറ്റ്ലി, ജിനി കെ എന്നിവർ ചേർന്ന് എഴുതുന്നു.സഹ നിർമ്മാണം ജയൻ ഗോപി , റാഫി ആന്റണി. ഛായാഗ്രഹണം സിറാജുദ്ദീൻ സൈനുദ്ദീൻ, ആശയം റിന്റു ആറ്റ്ലി,സംഗീതം,പശ്ചാത്തല സംഗീതം നിനോയ് വർഗീസ്, ചിത്രസംയോജനം ഗോപകുമാർ നമ്പ്യാർ, സഹ ഛായാഗ്രഹണം അഹമ്മദ് സാഹിദ്, നജ്മൽ കെ എ, കലാസംവിധാനം മുകുന്ദൻ മാമ്പ്ര,മുഖ്യ സഹസംവിധാനംജിനി കെ, സഹസംവിധാനം ശിൽപ അനിൽ, സംവിധാന സഹായികൾജഗദീഷ് ശങ്കരൻ,റ്റിങ്കിൾ ജോബി,നിർമ്മാണ നിർവ്വഹണം ശിവൻ മേഘ,ശബ്ദ രൂപകൽപ്പന വിഷ്നേഷ് ബോസ്, ശബ്ദ മിശ്രണംദീപു ഷൈൻ, സ്റ്റുഡിയോവാക്മാൻ സ്റ്റുഡിയോ,പരസ്യകല ആർട്ടോകാർപസ്,പി ആർ ഒഎ എസ് ദിനേശ്.

# സമാധാന പുസ്തകം




യോഹാൻ, നെബീഷ്, ധനുഷ്, ഇർഫാൻ, ശ്രീലക്ഷ്മി, ട്രിനിറ്റി തുടങ്ങി നിരവധി പുതുമുഖ താരങ്ങളെ പ്രധാന കഥാപാത്രങ്ങളാക്കി രവീഷ് നാഥ് സംവിധാനം ചെയ്യുന്ന സമാധാന പുസ്തകം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. സിഗ്മ സ്റ്റോറീസിന്റെ ബാനറിൽ നിസാർ മംഗലശ്ശേരി നിർമ്മിക്കുന്ന ഈ ചിത്രത്തിൽ പുതുമുഖ താരങ്ങൾക്കൊപ്പം സിജു വിൽസൻ, ജെയിംസ് ഏലിയ,മാത്യു തോമസ്, മേഘനാഥൻ,വി കെ ശ്രീരാമൻ,പ്രമോദ് വെളിയനാട്, ദിലീപ് മേനോൻ, ലിയോണ ലിഷോയ്, വീണാ നായർ തുടങ്ങിയവരും അഭിനയിക്കുന്നു.ജോ & ജോ, 18 പ്ലസ് എന്നീ ചിത്രങ്ങളുടെ കോ റൈറ്റർ ആയ രവീഷ് നാഥാണ് ഈ ചിത്രത്തിന്റെ സംവിധായകൻ. കഥ തിരക്കഥ സംഭാഷണം എഡിജെ,രവീഷ് നാഥ്, സി പി ശിവൻ, ഛായാഗ്രഹണം സതീഷ് കുറുപ്പ്, ഗാനരചന സന്തോഷ് വർമ്മ, ജിസ് ജോയി, ടിറ്റോ പി തങ്കച്ചൻ, സംഗീതംഫോർ മ്യൂസിക്സ്, എഡിറ്റിംഗ് ചമൻ ചാക്കോ, പ്രൊഡക്ഷൻ കൺട്രോളർഷാഫി ചെമ്മാട്,ആർട്ട് ഡയറക്ടർവിനോദ് പട്ടണക്കാടൻ, മേക്കപ്പ്വിപിൻ ഓമശ്ശേരി, കോസ്റ്റ്യൂംസ് ആദിത്യ നാണു, ചീഫ് അസോസിയേറ്റ് ഡയറക്ടർറജിവാൻ അബ്ദുൽ ബഷീർ, അസോസിയേറ്റ് ഡയറക്ടർ റെനീത്, സക്കീർ ഹുസൈൻ,റനിത് രാജ്,ഡിഐ ലിജു പ്രഭാകർ, വിഎഫ്എക്സ് മാഗ്മിത്, ടൈറ്റിൽ ആനിമേഷൻ നിതീഷ് ഗോപൻ, ഓഡിയോഗ്രാഫി തപസ് നായ്ക്, സ്റ്റിൽസ് സിനറ്റ് സേവ്യർ, പരസ്യകല യെല്ലോ ടൂത്ത്, ഡിസ്ട്രിബ്യൂഷൻ ഹെഡ് പ്രദീപ് മേനോൻ,പി ആർ ഒഎ എസ് ദിനേശ്.

# ഇന്ത്യയിലെ എഐ സ്റ്റാർട്ടപ്പായ ജിവി ലോകത്ത് ഒന്നാമത്

**കൊച്ചി:** മെഡിക്കൽ മേഖലയ്ക്ക് മാത്രമായി വികസിപ്പിച്ച ലാർജ് ലാംഗ്വേജ് മോഡൽ ആയ ജിവി മെഡ്എക്സ് ഓപ്പൺ മെഡിക്കൽ എൽഎൽഎം ലീഡർബോർഡ് ലോക റാങ്കിംഗിൽ ഒന്നാമത്. ഓപ്പൺ എഐയുടെ ജിപിടി4 ഗൂഗിളിൻറെ മെഡ്പാം2 എന്നിവയെ പിന്നിലാക്കിയാണ് ഇന്ത്യൻ ആരോഗ്യ മേഖലയിലെ സ്റ്റാർട്ടപ്പായ ജിവിയുടെ മുന്നേറ്റം. സ്കോർബോർഡിലെ ഒൻപത് വിഭാഗങ്ങളിലും ശരാശരി 91.65 സ്കോർ നേടിയാണ് ജിവി ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ഭാരത് പേ ചീഫ് പ്രൊഡക്ട് ഓഫീസർ അങ്കുർ ജെയിൻ, റെഡ്ഡി വെഞ്ചേർസ് ചെയർമാൻ ജിവി സഞ്ജയ് റെഡ്ഡി എന്നിവരാണ് ജിവിയുടെ സ്ഥാപകർ.

ഹഗ്ഗിംഗ് ഫെയ്സ്, എഡിൻബറോ യൂണിവേഴ്സിറ്റി, ഓപ്പൺ ലൈഫ് സയൻസ് എഐ എന്നീ മുൻനിര എഐ പ്ലാറ്റ്ഫോമുകളാണ് മെഡിക്കൽ മേഖലയ്ക്ക് വേണ്ടി വികസിപ്പിച്ച എൽഎൽ എമ്മുകളുടെ പ്രകടനം വിലയിരുത്താനുള്ള റാങ്കിംഗ് സങ്കടിപ്പിച്ചത്. വിവിധ പരീക്ഷകളും ഗവേഷണങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള എൽഎൽഎമ്മുകളുടെ ശേഷിയാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. എയിംസ്, നീറ്റ് എന്നീ മെഡിക്കൽ പ്രവേശന പരീക്ഷകൾ, യുഎസ് മെഡിക്കൽ ലൈസൻസ് പരീക്ഷകൾ, ക്ലിനിക്കൽ നോളജ്, മെഡിക്കൽ ജനിറ്റിക്സ്, പ്രൊഫഷണൽ മെഡിസിൻ എന്നിവയിലെ വിശദമായ വിലയിരുത്തലുകൾ എന്നിവ നടത്തിയതിൽ നിന്നാണ് ജിവി മെഡ്എക്സ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

## ഉജ്ജീവൻ സ്മാൾ ഫിനാൻസ് ബാങ്കിന് 6.5 ശതമാനം വളർച്ച

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് 202324 സാമ്പത്തിക വർഷത്തിലെ ജനുവരിമാർച്ച് ത്രൈമാസ ഫലങ്ങൾ പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം ഇതേ കാലയളവിലെ അറ്റാദായമായ 309.5 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം 6.5 ശതമാനം ഉയർന്ന് 329.6 കോടിയായി.

ഈ കാലയളവിലെ അറ്റ പലിശ വരുമാനം മുൻ വർഷത്തെ 738 കോടി രൂപയെ അപേക്ഷിച്ചു 26.4 ശതമാനം വർധിച്ച് 933 കോടിയായി. അവസാന പാദത്തിൽ ഏകദേശം 26,681 കോടി രൂപയും വർഷത്തിൽ 23,389 കോടി രൂപയുമാണ് ബാങ്ക് വിതരണം ചെയ്തത്. സെക്യൂർഡ് ബുക്ക് 177 ബിപിഎസ് വർദ്ധിച്ച് 30.2 ശതമാനമായതായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ ഇട്ടിര ഡേവിസ് പറഞ്ഞു.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് 3,200 കോടി രൂപ സമാഹരിക്കും

**കൊച്ചി :** ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് വരാനിരിക്കുന്ന വളർച്ചാ അവസരങ്ങൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, മുൻഗണനാടിസ്ഥാനത്തിൽ ബാങ്കിന്റെ ഇക്വിറ്റി ഷെയറുകൾ ഇഷ്യൂ ചെയ്ത് 3,200 കോടി രൂപയുടെ ഫണ്ട് സമാഹരിക്കാൻ തീരുമാനിച്ചു.

3,200 കോടി രൂപയുടെ ഈ നിർദിഷ്ട മൂലധന സമാഹരണത്തോടെ, ബാങ്കിന്റെ മൊത്തത്തിലുള്ള മൂലധന പര്യാപ്തത 2024 മാർച്ച് 31 ലെ റിസ്ക് വെയ്റ്റഡ് അസറ്റുകളുടെ അടിസ്ഥാനത്തിൽ 17.49% ആയി വർധിക്കും. ഇത് ഭാവി വളർച്ചയിൽ ബാങ്കിനെ പങ്കാളിത്തം വഹിക്കാൻ ശക്തമായ നിലയിൽ എത്തിക്കുമെന്ന് ബാങ്ക് ഡയറക്ടർ ബോർഡ് വിലയിരുത്തി. 10 രൂപ മുഖവിലയുള്ള ഓഹരികൾ, മുൻഗണനാ അടിസ്ഥാനത്തിൽ, ഒരു ഇക്വിറ്റി ഷെയറിന് 80.63 രൂപ എന്ന വിലയിൽ, 3,200 കോടി രൂപ സെബിയുടെയും ഓഹരി ഉടമകളുടെ അംഗീകാരത്തിനും വിധേയവുമായിട്ടാണ് സമാഹരിക്കുക.

ബാങ്കിന്റെ ഉപഭോക്തൃ നിക്ഷേപങ്ങൾ 2023 സാമ്പത്തിക വർഷത്തേക്കാൾ 2024ൽ 42% വർധിച്ചു. ബാങ്കിന്റെ മൊത്തത്തിലുള്ള ആസ്തി നിലവാരം മികച്ചതായി തുടരുകയാണ്. 2024 മാർച്ച് 31 വരെ ജിഎൻപിഎ 1.88 ശതമാനവും എൻഎൻപിഎ 0.60 ശതമാനവുമായി. റീട്ടെയിൽ, റൂറൽ, എസ്എംഇ ഫിനാൻസ് ബുക്കിൽ, മൊത്തവും അറ്റ എൻപിഎയും വളരെ താഴ്ന്ന നിലയിൽ തുടരുകയാണ്. 2024 മാർച്ച് 31 വരെ യഥാക്രമം 1.38%, 0.44%വുമാണ് നിരക്കുകൾ.2024 സാമ്പത്തിക വർഷം നികുതിക്ക് ശേഷമുള്ള ലാഭം 2,957 കോടി രൂപയായി വർധിച്ചു. 2023 സാമ്പത്തിക വർഷത്തിലെ 2,437 കോടിയേക്കാൾ 21% വർധനവോടെ ബിസിനസ് ലാഭകരമായി. 2024 മാർച്ച് 31 ലെ മൂലധന പര്യാപ്തത 16.11% ആണ്.




# ജോയ്ആലുക്കാസിന് മികച്ച തൊഴിലിടമെന്ന അംഗീകാരം

**കൊച്ചി:** മുൻനിര ജുവലറി ബ്രാൻഡായ ജോയ് ആലുക്കാസിന് മികച്ച തൊഴിലാളി സൗഹൃദ തൊഴിലിടമെന്ന അംഗീകാരം. തൊഴിലിട മികവ് വിലയിരുത്തുന്ന രാജ്യാന്തര ഏജൻസിയായ 'ഗ്രേറ്റ് പ്ലേസ് റ്റു വർക്ക്' ജീവനക്കാർക്കിടയിൽ നടത്തിയ സ്വതന്ത്ര സർവെയുടെ അടിസ്ഥാനത്തിലാണ് ഈ അംഗീകാരം. തൊഴിലിട സംസ്കാരം, ജീവനക്കാരുടെ സംതൃപ്തി തുടങ്ങി വിവിധ ഘടങ്ങളെ മാനദണ്ഡമാക്കിയാണ് സർവെ നടത്തിയത്. ജീവനക്കാർക്ക് മികച്ച പിന്തുണയും മികച്ച കരിയർ വളർച്ചാ അവസരങ്ങൾ നൽകുകയും ചെയ്യുന്ന സ്ഥാപനമായും ജോയ്ആലുക്കാസിന് അംഗീകരം ലഭിച്ചു.

പതിറ്റാണ്ടുകളായി ഉപഭോക്താക്കളുടെ സംതൃപ്തിയോളം ജീവനക്കാരുടെ തൊഴിൽ സംതൃപ്തിക്കും വലിയ പരിഗണന നൽകുന്ന സ്ഥാപനമാണ് ജോയ്ആലുക്കാസ് ഗ്രൂപ്പ്. ഈ അംഗീകാരം ലഭിച്ചതിൽ അഭിമാനമുണ്ടെന്ന് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു. കഠിനാധ്വാനികളും സമർപ്പിതരുമായ ജീവനക്കാരാണ് ജോയ്ആലുക്കാസിന്റെ നെടുംതൂൺ. ജോയ്ആലുക്കാസിന്റെ പതിനായിരത്തിലേറെ വരുന്ന ജീവനക്കാരുടെ തൊഴിലിട സംതൃപ്തിയാണ് ഈ അംഗീകാരത്തിലൂടെ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## തുല്യതാ പഠിതാക്കൾക്ക് സൗജന്യ അവസരം

**കൊച്ചി:** എറണാകുളം ജില്ല സമ്പൂർണ്ണ തുല്യത നേടുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ പദ്ധതിയിൽ പത്താംതരം ഹയർസെക്കൻഡറി തുല്യതാ പഠിതാക്കൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസരം ഒരുക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പത്ത്, ഹയർ സെക്കൻഡറി തുല്യതാപഠിതാക്കൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസരം ഒരുക്കുന്നത്. 20 ലക്ഷം രൂപയാണ് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൂൺ 6 നകം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. പത്താംതരം തുല്യതയ്ക്ക് 17 വയസ്സ് പൂർത്തിയായ, ഏഴാം തരം പാസ്സായ ആർക്കും അപേക്ഷിക്കാവുന്നതാണ്. ഉയർന്ന പ്രായപരിധി ഇല്ല. ഹയർസെക്കൻഡറി തുല്യതയ്ക്ക് 22 വയസ്സ് പൂർത്തിയായ പത്താംതരം വിജയിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്. ഉയർന്ന പ്രായപരിധിയില്ല.പഠിതാവിന്റെ വിവരങ്ങൾ, പഠിതാവിന്റെ യോഗ്യത സർട്ടിഫിക്കറ്റ്, ഈ രേഖകൾ അടക്കം കളക്ടറേറ്റിലുള്ള ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഫോൺ 94968779 13, 7558941039, 9074928713